ഒരു ദിവസം ആയിരം നന്മകൾ നേടിയെടുക്കാൻ സാധിക്കാത്തവർ
നിങ്ങളിലുണ്ടോ?
സഅ്ദ് ബ്നു അബീ വഖാസ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: ഞങ്ങൾ നബി -صلى الله عليه وسلم- യോടൊപ്പമായിരുന്ന ഒരു
വേളയിൽ അവിടുന്ന് ചോദിച്ചു: "ഒരു ദിവസം ആയിരം നന്മകൾ നേടിയെടുക്കാൻ സാധിക്കാത്തവർ
നിങ്ങളിലുണ്ടോ?" അപ്പോൾ നബി -صلى الله عليه وسلم- യുടെ കൂടെയിരുന്നവരിലൊരാൾ ചോദിച്ചു:
എങ്ങനെയാണ് ഞങ്ങളിലൊരാൾ ആയിരം നന്മകൾ നേടിയെടുക്കുക? നബി -صلى الله عليه وسلم- പറഞ്ഞു: "അവൻ നൂറു
തവണ തസ്ബീഹ് ചെയ്യട്ടെ; അതുമുഖേന അവന് ആയിരം നന്മകൾ രേഖപ്പെടുത്തപ്പെടും.
അല്ലെങ്കിൽ ആയിരം തെറ്റുകൾ അവനിൽ നിന്ന് മായ്ക്കപ്പെടും."
[صحيح] [رواه مسلم]
നബി -صلى الله عليه وسلم- തൻ്റെ സ്വഹാബികളോട് ഒരിക്കൽ ചോദിച്ചു: എല്ലാ ദിവസവും ആയിരം നന്മകൾ
നേടിയെടുക്കാൻ നിങ്ങളിൽ ആർക്കെങ്കിലും സാധിക്കുമോ?! അപ്പോൾ അവിടുത്തെ സദസ്സിൽ
ഉണ്ടായിരുന്ന ഒരാൾ ചോദിച്ചു: എങ്ങനെയാണ് ഒരാൾക്ക് ഒരു ദിവസം കൊണ്ട് ആയിരം നന്മകൾ
എളുപ്പത്തിൽ നേടിയെടുക്കാൻ സാധിക്കുക?! നബി -صلى الله عليه وسلم- പറഞ്ഞു: അവൻ സുബ്ഹാനല്ലാഹ് (എല്ലാ
കുറവുകളിൽ നിന്നും ന്യൂനതകളിൽ നിന്നും ഞാൻ അല്ലാഹുവിൻ്റെ പരിശുദ്ധിയെ വാഴ്ത്തുന്നു)
എന്ന് നൂറ്തവണ പറഞ്ഞാൽ അവന് ആയിരം നന്മകൾ രേഖപ്പെടുത്തപ്പെടും; കാരണം ഒരു നന്മ പത്ത്
മടങ്ങായാണ് അല്ലാഹുവിങ്കൽ രേഖപ്പെടുത്തപ്പെടുക. അല്ലെങ്കിൽ അവൻ്റെ ആയിരം തിന്മകൾ
അവനിൽ നിന്ന് മായ്ക്കപ്പെടുന്നതാണ്.
https://sunnah.global/hadeeth/ml/show/3762